ST LITTLE TERESA'S HIGH SCHOOL,
VAZHAKULAM



# ദർപ്പണം

# ആശംസ

അക്ഷരങ്ങൾക്ക് ചരിത്രം സൃഷ്ടിക്കാൻ കഴിയും. ലോകത്തിൽ പരിവർത്തനത്തിന്റെ പുതിയ അധ്യായങ്ങൾ എഴുതിചേർക്കാൻ കഴിയും. ഇതിഹാസങ്ങളും ആഖ്യായികളും ഐതിഹ്യങ്ങളും നമ്മുടെ സാംസ്കാരികതയുടെ ദർപ്പണങ്ങളാണ്. ഹോമറും എലിയറ്റും കാളിദാസനുമെല്ലാം അതിൽ വിരചിച്ച സംഭാവനകൾക്ക് സ്മരണാഞ്ജലികൾ അർപ്പിച്ചുകൊണ്ട് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അണിയിച്ചൊരുക്കിയ ഈ "ദർപ്പണം" സനാതനമായി നിലനിൽക്കട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

ഹെഡ്മിസ്ട്രസ്: സി.മെറിൻ സി.എം.സി

# ആശംസ

വാക്കുകൾക്ക് കാന്തിക ശക്തിയുണ്ട്. അതിന് മനുഷ്യമനസ്സിൽ പ്രളയവും വസന്തവും സൃഷ്ടിക്കുവാനുള്ള മാന്ത്രിക വിദ്യ കരഗതമാണ്. കുട്ടികളുടെ മനസ്സിലുള്ള ആശയങ്ങൾക്കും ചിന്തകൾക്കും പുറത്തേക്കുള്ള വാതിലായി മാഗസ്സിനുകൾ പ്രവർത്തിക്കുന്നു. ഓരോ സാഹിത്യ സൃഷ്ടിയും കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുക എന്നത് ദുഷ്കരമാണ ്.എങ്കിലും സഹകരണത്തോടെ ഏറ്റെടുത്ത ഈ ദൗത്യം വിജയപ്രദമാക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വളരെ അധികം പരിശ്രമിച്ചിട്ടുണ്ട്. ഓരോരുത്തർക്കും പ്രത്യേകം ആശംസകൾ നേരുന്നു.

എഡിറ്റർ

## ഉള്ളടക്കപ്പട്ടിക

ഓർമ്മകളുടെ വളപ്പൊട്ടുകൾ.....5
മഹാത്മഗാന്ധിയുടെ മഹത് വചനങ്ങൾ.....6
മാഞ്ഞുപോം വസന്തം.....8
മാന്ത്രിക അരിവാൾ.....9
പുരാതന കവിത്രയം.....10
മാധ്യമങ്ങൾ.....14
എസ് കെ പൊറ്റെക്കാട്.....16
കൊടുക്കുന്നവന് ലഭിക്കും.....21
സൗഹൃദം.....22
കുമാരനാശാൻ.....24
പൊൻസൂര്യൻ.....26
മൺമറഞ്ഞ നാട്.....27
മലയാള ഭാഷതൻ.....30
പൂവും വണ്ടും.....37
മഴ.....37
നല്ല ജീവിതത്തിലേക്ക് പഞ്ചശീലതത്വം.....38
കടങ്കഥകൾ.....40
എന്റെ പുഴ.....44
സാങ്കേതികവിദ്യയും സാഹിത്യവും.....45
ഉപമ.....49
തെരഞ്ഞെടുക്കപ്പെട്ട മന.....50
ഗാന്ധിജി.....53
കടങ്കഥകൾ.....55

# ഓർമ്മകളുടെ വളപ്പൊട്ടുകൾ



സൂര്യകിരണങ്ങൾ വന്നു വീണെൻ  വീഥിയിൽ
അന്നാദ്യമായ് വിരിഞ്ഞെൻ കുഞ്ഞുമിഴികൾ
അന്നാദ്യമായ് കണ്ടു ഞാൻ എൻ അമ്മയെ
അന്നാദ്യമായ് കണ്ടു ഞാൻ ഈ ഭൂമിയെ
പിച്ചവെച്ച നാളിൽ, അന്നാദ്യമായ് ഞാനറിഞ്ഞു
അമ്മതൻ കൈകളിലെ കരുതൽ
അക്ഷരങ്ങളുടെ ലോകത്തേക്ക്
കൈപിടിച്ചു കയറുമ്പോൾ
മുന്നിലെ  ദീപങ്ങളായി എൻ അദ്ധ്യാപകർ
മലർവാടിയിലെ നറുമലർമാലകളായി കൂട്ടുകാർ
കളിപറഞ്ഞും ഇണങ്ങിയും പിണങ്ങിയും
കഴിഞ്ഞ ഓരോ നിമിഷങ്ങൾ
അജ്ഞതയെ ജിജ്ഞാസയിൽ ലയിപ്പിച്ച കാലങ്ങൾ
മഴത്തുള്ളിൽ തുള്ളിക്കളിച്ചും
നീലാകാശത്തിൽ പാറിപ്പറക്കുന്ന
പട്ടത്തിൻ നൂലിൽ  പിടിച്ചും
പൊട്ടിച്ചിതറിയ വളപ്പൊട്ടുകൾ കൂട്ടിവച്ചു
പുസ്തകത്താളിനുള്ളിൽ ഒളിപ്പിച്ചുവെച്ച
മയിൽപ്പിലീ നോക്കി രസിച്ചും
ആകാശവീഥിയിലെ താരകങ്ങളെ എണ്ണിയെണ്ണി
നിദ്രയിലാഴ്ന്നും ഓരോരോ നേരങ്ങൾ
ഇന്നീ വഴിത്താരയിൽനിന്നകലേയ്ക്ക്
നോക്കുമ്പോൾ കാണുന്നു ഞാനെൻ ബാല്യകാലം
ഇനിയാ വളപ്പൊട്ടുകൾ പെറുക്കിയെടുക്കാനാവില്ല
എന്നോർക്കുമ്പോൾ ഉള്ളിലെവിടെയൊ തേങ്ങുന്നു
എന്നിലെ ബാല്യം

*-നിവേദിത ആർ*

# മഹാത്മഗാന്ധിയുടെ മഹത് വചനങ്ങൾ



ഓരോ വീടും ഓരോ വിദ്യാലയമാണ് , മാതാപിതാക്കൾ അധ്യാപകരും.

- നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു. ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവൃത്തികളും, പ്രവൃത്തികൾ മൂല്യങ്ങളും ആകുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാകുന്നത്.
- മറ്റുള്ളവരെ സ്നേഹിക്കുക; സ്വയം ത്യാഗം ചെയ്യുക, ഇതാണ് അഹിംസ.
- അഹിംസ കൊണ്ട് നനയ്ക്കുന്നില്ലെങ്കിൽ സത്യത്തിൻെറ ചെടി വളർന്ന് കായ്ക്കില്ല.
- സത്യമെന്നത് വെറുമൊരു വാക്കല്ല, ജീവിതം മുഴുവൻ സത്യമായിത്തീരണം.
- നിർമലമായ സ്നേഹത്താൽ നേടാനാകാത്തതായി ഒന്നുമില്ല.
- നിങ്ങൾ മനുഷ്യനായതുകൊണ്ടുമാത്രം വലിയവനാകുന്നില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്.
- സത്യം പറയുന്ന ഞാൻ ഒററയ്ക്കാവാം. ഞാൻ പറയുന്നത് കേൾക്കാൻ ആളില്ലായിരിക്കാം.എന്നാൽ മററുശബ്ദങ്ങൾ തളരുമ്പോൾ എൻെറ ശബ്ദം കേൾക്കാതിരിക്കില്ല.

സേതുലക്ഷ്മി ബിജു

# മാഞ്ഞുപോം വസന്തം



*ഓർമ്മതൻ പുസ്തകത്താളിന്നു*
*മറിക്കുമ്പോൾ*
*എൻ മുന്നിൽ ഞാൻ കാണുന്നിതെൻ*
*ബാല്യം*
*ഒന്നാം താളിലായ് ഞാൻ കണ്ടെത്തി*
*മണ്ണപ്പത്തോടൊപ്പമുള്ളരെൻ ആഹ്ലാദം*
*രണ്ടാം താളിലിതാ നറുനെയ് കട്ടുതിന്ന-*
*കുട്ടിക്കമ്മതൻ ചൂരൽ പ്രയോഗം*
*മൂന്നാംതാളിലോ*
*കൂട്ടുകാരൊത്തുള്ളൊരെൻ*
*കളിവീടിൻ നിർമ്മാണം*
*നാലാം താളിലിതാ നാട്ടുമാവുതന്നു-*
*ച്ചിയിലേക്കു കത്തിച്ച കല്ലും കൊഴികളും*
*അഞ്ചാം താളിലിതാ മുത്തശ്ശിക്കഥയ്ക്കു*
*കൂർപ്പിച്ചൊരെൻ കാതുകൾ*
*താളുകൾ മുന്നിലേക്കു മറിഞ്ഞു*
*ഓർമ്മകൾ മനമാകെ നിറഞ്ഞു*
*ഒടുവിലത്തെതാൾ മാറിക്കുമ്പോഴേക്കു*
മെൻ കണ്ണുകൾ ബാഷ്പപൂരിതമായുർന്നിരുന്നു
ഒരിക്കലും തിരികെ വരില്ലാ ആ വസന്തകാലം
എന്ന സത്യത്തിനു മുമ്പിൽ വിതുമ്പുകയല്ലാ-
തൊന്നിനും എന്നാൽ കഴിഞ്ഞതില്ല.

*അലൻ സന്തോഷ്*

# മാന്ത്രിക അരിവാൾ

ഒരിടത്ത് വൃദ്ധരായ ഒരു പിതാവും മാതാവും യുവാവായ അവരുടെ മകനും ജീവിച്ചിരുന്നു. കാട്ടിലെ മുളകൾ വെട്ടി പട്ടണത്തിൽ കൊണ്ടു ചെന്ന് വിൽക്കുന്നതായിരുന്നു അവരുടെ ഉപജീവന മാർഗം. പക്ഷേ അതിൽ നിന്ന് ലഭിക്കുന്ന വരുമാനം അവരുടെ നിത്യ ജീവിതത്തിനെ തികഞ്ഞിരുന്നുള്ളൂ. പക്ഷേ അവരുടെ കുടുംബത്തിൽ സന്തോഷത്തിന് ഒരു കുറവും വന്നിരുന്നില്ല. ആ പിതാവ് കൂടുതൽ വൃദ്ധനായികൊണ്ടിരുന്നു. അതുകൊണ്ടു തന്നെ വൃദ്ധനായ പിതാവിന് ചെറിയ മുളകളെ ശേഖരിക്കാൻ സാധിച്ചിരുന്നുള്ളു. എന്നാലും തന്റെ മകനുള്ളതുകൊണ്ട് വലിയ മുളകൾ ശേഖരിച്ച് പണം സമ്പാദിച്ചു.

ഒരു ദിവസം പിതാവും മാതാവും സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു . അവർ തന്റെ മകന്റെ വിവാഹത്തെ കുറിച്ചാണ്സംസാരിച്ചിരുന്നത്. ഒരു ദിവസം അവരുടെ മകൻ ഒരു പെൺകുട്ടിയെ വിളിച്ചു കൊണ്ടുവന്നു പറഞ്ഞു "അച്ഛാ ഇത് എന്റെ വധുവാണ്. പക്ഷേ ഇവളുടെ കൂടെ ഇവളുടെ ഭവനത്തിൽ താമ സിക്കണം എന്ന ഉടമ്പടിയാലാണ് ഇവളുടെ പിതാവ് എനിക്ക് ഇവളെ വിവാഹം ചെയ്തു തന്നത്. അച്ഛാ ഞാൻ പോകുന്നു " എന്ന് പറഞ്ഞ് അവർ പോയി. ഇതോടെ പിതാവ് കൂതൽ വിഷാദനായി. കുറച്ചു ദിവസങ്ങൾക്ക് ശേഷം പിതാവ് കൂടുതൽ മുളകൾ ശേഖരിക്കുവാനായി പോയി. പക്ഷേ ആ വൃദ്ധന് കുറച്ചുമുളകളെ വെട്ടാൻ കഴിഞ്ഞോളളു. ദിവസങ്ങൾ കഴിഞ്ഞു. വൃദ്ധൻ കടത്തിലായി. അപ്പോൾ ഭാര്യ പറഞ്ഞു. നിങ്ങൾ പോയി കാട്ടിലെ ദേവതയോട് വിശ്രമം അറിയിക്കൂ. ദേവതയോട് പരിഭവം പറയൂ. അതനുസരിച്ച് വൃദ്ധൻ കാട്ടിൽ ദേവതയോട് പ്രാർത്ഥിച്ചു.

ദേവത പറഞ്ഞു "നിന്റെ വിശ്രമം ഞാൻ അറിയുന്നു ഇതാ ഇത് ഒരു മാന്ത്രിക അരിവാളാണ്" എന്ന് *ദേവത* പറഞ്ഞ് പോയി. പിറ്റേ ദിവസം ആ വൃദ്ധൻ കാട്ടിൽ മുളവെട്ടാൻ പോയി ആ അരിവാൾ മുളയിൽ തൊട്ടു ഉടൻ ആ മുള ഒടിഞ്ഞ് പോന്നു . ഇങ്ങനെ ആ വൃദ്ധന്റെ വിശ്രമത്തിന് പരിഹാരമായി. അവർ സന്തോഷമായി ജീവിച്ചു.

# പുരാതന കവിത്രയം

## ചെറുശ്ശേരി




പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയാണ് ചെറുശ്ശേരി നമ്പൂതിരി. ഭാഗവതം ദശമസ്കന്ധം അടിസ്ഥാനമാക്കി കൃഷ്ണഗാഥ എന്ന കാവ്യം രചിച്ചു. കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻെറ പണ്ഡിത സദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി.

## എഴുത്തച്ഛൻ




പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവി. ആധുനിക മലയാളഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭക്തകവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. കിളിപ്പാട്ട് പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് തുടങ്ങിയവയാണ് അദ്ദേഹത്തിൻെറ കൃതികൾ.

# കുഞ്ചൻ നമ്പ്യാർ




കുഞ്ചൻ നമ്പ്യാർ പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയാണ് കുഞ്ചൻ നമ്പ്യാർ. തുള്ളൽ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവ്. മലയാളത്തിലെ ഹാസ്യ കവികളിൽ പ്രമുഖനാണ് നമ്പാർ. കല്യാണസൗഗന്ധികം രുഗ്മണീസ്വയംവരം, നിവാതകവചവധം, ഘോഷയാത്ര തുടങ്ങി ധാരാളം കൃതികളുടെ കർത്താവാണദ്ദേഹം.

--അഭിജിത് സുമേഷ്



# മാധ്യമങ്ങൾ

പത്രങ്ങളെപ്പറ്റി സാധാരണയായി ആളുകൾ നല്ലതേ പറയാറുള്ളൂ. വലിയ പ്രതിദിന വാർത്താമാധ്യമങ്ങളെക്കുറിച്ചാണ് ഞാനിവിടെ എഴുതുന്നത്. മറ്റുതരം പത്രങ്ങളുടെപരാമർശം ഈ പ്രബന്ധത്തിൽ ആനുഷംഗികം മാത്രമാണ്.ഏതു മനുഷ്യനും വാർത്ത അറിയുന്നതിനു മാത്രമല്ല വാർത്ത നൽകുന്നതിനും പത്രത്തെ ആശ്രയിക്കേണ്ടി വരുന്നു, ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ. അത് ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുമ്പോൾ നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുൻപിലും എത്തിക്കുന്നു. പത്രത്തെ എതിർക്കണ്ടി വന്നാൽ ആ എതിർപ്പിനു പോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം. പത്രമെന്ന വിരോധാഭാസം ഇതത്രേ. പത്രങ്ങൾ സൂര്യനുചുവടെയും മേലെയുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നുവെന്നു മാത്രമല്ല. അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല. സ്വേച്ഛാധിപതിപോലും പത്രത്തെ ബഹുമാനിക്കുന്നു. കാരണം അയാൾ പത്രത്തെ ഭയപ്പെടുന്നു.. ഭരണാധികാരി പത്രത്തെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നത് ഈ പേടിമൂലമാണ്. അതിന്റെ മഹാശക്തിയാണ് ഭയം. നെപ്പോളിയൻ തുറന്നുപറഞ്ഞു. ബയറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണെന്ന്. ബയനറ്റിന്റെ മൂർച്ചയേക്കാൾ ഭയങ്കരമാണ് പത്രത്തിൻെറ മൂർച്ച. പത്രങ്ങളെപ്പറ്റി വാഴ്ത്തിപ്പറഞ്ഞ വാക്കുകൾക്ക് ക്ഷാമമില്ല. രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയാണ് പത്രം. വലിയൊരു ചിന്തകൻ പറഞ്ഞതാണ് തന്റെ ആകെയുള്ള അറിവ് പത്രങ്ങളിൽനിന്നാണ് എന്നുവരെ

ഒരെഴുത്തുകാരൻ പറഞ്ഞു. എന്നാൽ പത്രങ്ങൾക്കുള്ള അങ്ങേയറ്റത്തെ പ്രശംസ ഏറ്റവും വലിയ സ്വാതന്ത്ര്യ പ്രേമിയായ ജഫേഴ്സണിൽ നിന്നാണ് കിട്ടിയത്. പത്രമില്ലാതെയുള്ള ഭരണത്േക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടത്. പത്രമുണ്ടായാൽ എല്ലാമായി എന്നല്ലേ ഇതിൻെറ താല്പര്യം?

*--ശരത് സജി*



# എസ് കെ പൊറ്റെക്കാട്



നോവലിസ്റ്റ്, കഥാകൃത്ത്, മലയാളത്തിലെഎക്കാലത്തെയുംമികച്ച യാത്രാവിവരണക്കാരൻ എന്നി നിലകളിൽ ശ്രദ്ധേയൻ. മുഴുവൻ പേര് ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്. കോഴിക്കോട് ജനിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ജ്ഞാനപീഠം, കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.കേരള സാഹിത്യ അക്കാദമി,തുഞ്ചൻ സ്മാരക സമിതി എന്നിവയുടെ നേതൃ സ്ഥാനത്തിരുന്നിട്ടുണ്ട്.

### പ്രധാന കൃതികൾ

ഒരു ദേശത്തിൻെറ കഥ, ഒരു തെരുവിൻെറ കഥ, വിഷകന്യക, മൂടുപടം(നോവലുകൾ), ചന്ദ്രകാന്തം, രാജമല്ലി, പുള്ളിമാൻ, ജലതരംഗം, ഇന്ദ്രനീലം(കഥാസമാഹാരങ്ങൾ), ബാലിദ്വിപ്, മലയാളനാട്ടുകളിൽ, പാതിരാസൂര്യൻെറ നാട്ടിൽ, സോവിയറ്റ് ഡയറി, യൂറോപ്പിലൂടെ, ബൊഹീമിയൻ ചിത്രങ്ങൾ, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽ ഡയറി, കെയ്റോ കത്തുകൾ, നേപ്പാൾ യാത്ര, കാശ്മീർ, യാത്രാ സ്മരണകൾ ഹിമാലയസാമ്രാജ്യത്തിൽ(യാത്രാവിവരണങ്ങൾ). സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ, എൻെറ വഴിയമ്പലങ്ങൾ പൊന്തക്കാടുകൾ (സ് മരണ).

*ആദിത്യൻ സാബു*



# പ്രകൃതിസമൃദ്ധം

ഭൂഗോള സുന്ദര പുഷ്പസമൃദ്ധം
പ്രകൃതിയിൽ കാണാം നിറവർണ്ണങ്ങളായ്
ശ്യാമസുന്ദരം പ്രകൃതി നമ്മുടെ
ഭൂഗോളവും സുന്ദരസമൃദ്ധങ്ങളായ്

പ്രഭാതത്തിൽ പൂക്കൾതൻ
സൗന്ദര്യവുമായ് അവൾ അണയുന്നു
സൂര്യാസ്തമയത്തിൽ പ്രകാശവുമായ്
അവൾ എങ്ങോ മറയുന്നു

പ്രഭാതം തൻ വരവിൽ പ്രകാശിതമാകയായ്
രാത്രി തൻ വരവിൽ ഇരുളായ്
പ്രഭാതവും രാത്രിയുമെല്ലാം പ്രകൃതിയായ്
അസ്തിത്വമായ് പ്രകൃതിതൻ ഭാവങ്ങൾ

രാത്രിയിൽ പൂനിലാവൊഴുകുന്നു
പുഴകളിലൂടെ മന്ദം മന്ദമായ്
ഈ സൗന്ദര്യത്തിൽ ഏതോ
ഒരു മായാജാലം എന്നപോലെ ഞാനും.

*കഥ*

# കൊടുക്കുന്നവന് ലഭിക്കും

ഒരിടത്ത് ഒരു പാവം മിഠായി വില്പനക്കാരൻ ഉണ്ടായിരുന്നു. എല്ലാ ദിവസവും സ്കൂളിന്റെ അടുത്ത് നിന്നാണ് അദ്ദേഹം മിഠായി വിൽക്കുന്നത് കുറേ കുട്ടികൾ അത് വങ്ങിക്കാൻ അദ്ദേഹത്തിന്റെ അടുത്തെത്തും . അതിൽനിന്നും കിട്ടുന്ന തുകകൊണ്ട് അദ്ദേഹത്തിന്റെ കുടുംബം പട്ടിണിയില്ലാതെ കഴിഞ്ഞുപോകുന്നു. ഒരു ദിവസം അദ്ദേഹം മിഠായി വിറ്റു കൊണ്ടിരിക്കുമ്പോൾ ഒരു കുട്ടിമാത്രം വാങ്ങിക്കാതെ മാറിനിൽക്കുന്നു.

അവന്റെ കൂട്ടുകാരൊന്നും അവനുമായി മിഠായി പങ്കിടാൻ തയ്യാറാകു ന്നില്ല. ആ കുട്ടി വളരെ സങ്കടത്തോടെ മാറി നിൽക്കുമ്പോഴാണ് മിഠായി വില്പനക്കാരൻ കുറേ മിഠായികൾ അവന് വെറുതെ നല്കി.അവനു വളരെ സന്തോഷമായി. അവൻ അത് സന്തോഷപൂർവ്വം സ്വീകരിച്ചു.

ഒരു ദിവസം മിഠായികൾ വാങ്ങിക്കാൻ കുട്ടികൾ വന്നില്ല. അദ്ദേഹത്തിനു വളരെ സങ്കടമായി. കുറേ ദിവസത്തേക്ക് കുട്ടികളെ മിഠായി വാങ്ങുവാൻ കാണാതായി. അദ്ദേഹത്തിന്റെ കുടുംബം പട്ടിണിയായി. അന്ന് മിഠായി വെറുതെ നൽകിയ ആ കുട്ടി വിണ്ടും മിഠായി വിൽപ്പനക്കാരന്റെ അടുത്തെത്തി.അവൻ കൊതിയോടെ ബോക്സിലേക്ക് നോക്കിക്കൊണ്ട് നില്കുന്നത് അദ്ദേഹം കണ്ടു. മിഠായി ഒന്നും വിറ്റുപോകുന്നില്ല വെറുതെ കളയണ്ട എന്നു കരുതി അദ്ദേഹം ആ ബോക്സിലുള്ള മുഴുവൻ മിഠായിയും ഒരു കൂട്ടിലാക്കി ആ കുട്ടിക്ക് നൽകി. ആ കുട്ടിക്ക് വളരെ സന്തോഷമായി . ആ കൂടും പിടിച്ചുകൊണ്ട് ഉല്ലാസഭരിതനായി ആ കുട്ടി ഓടി. അന്ന് രാത്രിയും തന്റെ കുടുംബം പട്ടിണിയാകും എന്നു കരുതി അദ്ദേഹം വളരെ വിഷമിച്ചു. അദ്ദേഹം വീട്ടിൽ ചെന്നു .അദ്ദേഹത്തിന്റെ രണ്ടു മക്കളും ഓടി വന്നു.

വണ്ടിയിൽ നിന്ന് മിഠായി ബോക്സ് ഇറക്കി വെക്കാൻ നോക്കിയപ്പോൾ അതിന് നല്ല ഭാരം. അത് തുറന്ന് നോക്കിയപ്പോൾ അതിൽ നിറയെ സ്വർണ്ണ നാണയങ്ങൾ. അപ്പോഴാണ് അയാൾക്ക് മനസ്സിലായത് അത് ദൈവം തന്നതാണ് എന്ന് . താൻ കൊടുത്തതിന്റെ ഫലമായിട്ട് ദൈവത്തിന്റെ പ്രതിഫലം ദൈവമാണ് ആ കുട്ടിയായിവന്നത്. ഇല്ലാത്തവർ ദൈവത്തിന് തുല്യരാണ്.

*ഗ്രേസ് മരിയ ബിനോയി*

# സൗഹൃദം




അജ്ഞാനത്താൽ മലീമസമായ ലോകത്തിൽ
അമ്പരപ്പിന്റെഏകാന്ത  നിമിഷങ്ങളിൽ
ആത്മനൊമ്പരത്തിൻെറ നെടുവീർപ്പിൽ വെന്തെരിയുന്ന
സഹനത്തിൻെറ  തീജ്ജ്വാലയിൽ
ആശ്വാസത്തിൻെറ  തീനാളവുമായി
മനസ്സിൻ  വാതിൽക്കൽ  നിറയുന്ന
സൗഹൃദം  ചിറകടിക്കാനോ  ഒന്ന് പറന്നുയരാനോ
കഴിയാതെ ഞാൻ ഈ പാരിലാകെയലഞ്ഞപ്പോൾ
അങ്ങകലെയാ ചക്രവാളത്തെ തൊട്ടുരുമ്മാനുള്ള
എൻ  മോഹങ്ങൾ അടർന്ന്  വീണപ്പോൾ
മനസ്സിൽ തെളിമയേകുന്ന സൂര്യകാന്തിപോലെ
എൻ  അത്മാവിൽ  സാന്ത്വനമായി എത്തിയാ സൗഹൃദം
എൻ മിഴിനീരൊപ്പിയ  സ്നേഹത്തളികയായി
എൻ  മനസ്സിനാത്മ  ചൈതന്യമേകി
ഒരു  തണലായി  നിൽക്കുന്നെൻ
സൗഹൃദം...........സൗഹൃദം.

*വിജയ് എച്ച് നായർ*

# കുമാരനാശാൻ




തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ കായിക്കര എന്ന ഗ്രാമത്തിൽ 1873 ഏപ്രിൽ 12-ന് ജനിച്ചു. കൊച്ചു പെണ്ണ് എന്ന പേരിൽ അറിയപ്പെട്ട കാളിയമ്മയാണ് മാതാവ്. പിതാവ് നാരായണൻ. 7-ാം വയസ്സിൽ വിദ്യാഭ്യാസം ആരംഭിച്ചു. പ്രധാനമായും നേടിയത് സംസ്കൃത വിദ്യാഭ്യാസമായിരുന്നു. 14-ാം വയസ്സിൽ അധ്യാപ കനായി. അങ്ങനെയാണ് ആശാൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. പിന്നീട് ആ ജോലി ഉപേക്ഷിച്ച് സംസ്കൃതപഠനം തുടർന്നു. കവിതാരചന ആരംഭിച്ച ആശാൻ ആദ്യ കാലങ്ങളിൽ ശൃംഗാര ശ്ലോകങ്ങളാണ് രചിച്ചിരുന്നത്.

ശ്രീ നാരായണഗുരുവിനെ കണ്ടുമുട്ടുകയും അദ്ദേഹ ത്തിൻെറ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തതോടെ ആശാൻെറ വ്യക്തി ജീവിതത്തിലും സാഹിത്യവിശ്വാസങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളി ലുമെല്ലാം അത് സ്വാധീനം ചെലുത്തി. സംസ്കൃതത്തിൽ ഉപരിപഠനത്തിന് ബാംഗ്ലൂരിലും മദ്രാസിലും കൽക്കത്തയിലുമായി അഞ്ചുകൊല്ലക്കാലം കഴിച്ചു കൂട്ടിയ ആശാൻ 1900 ത്തിൽ നാട്ടിലെത്തി.

1902 -ൽ എസ് എൻ ഡി പി യോഗം സ്ഥാപിതമായി. യോഗത്തിൽ ജനറൽ സെക്രട്ടറി കുമാരനാശാനായിരുന്നു. എസ് എൻ ഡി പി യുടെ

ആഭിമുഖ്യത്തിൽ വിവേകോദയം മാസിക ആരംഭിച്ചപ്പോൾ ആശാൻ അതിൻെറ പത്രാധിപരായി.

1908 –ൽ ആശാൻ വീണപൂവ് രചിച്ചു. തുടർന്ന് സിംഹപ്രസംവം (1909), നളിനി (1911), ലീല (1914), ബാലരാമായണം (1917), ഗ്രാമവൃക്ഷത്തിലെ കുയിൽ (1918), പ്രരോദനം (1918), ചിന്താവിഷ്ടയായ സീത (1919), പുഷ്പവാടി (1922), ചണ്ഡാലഭിക്ഷുകി (1923), ശ്രീബുദ്ധചരിതം (1924), ദുരവസ്ഥ (1923), കരുണ (1924) എന്നീ കാവ്യകൃതികളും മണിമാല, പനമാല എന്നീ സമാഹാരങ്ങളും രാജയോഗം, മൈത്രേയി, മനഃശക്തി, ദൈവീകമായ പ്രതികാരം എന്നീ ഗദ്യകൃതികളും സാഹിത്യ നിരൂപണ പരമായ ഏതാനും പ്രബന്ധങ്ങളും ആശാൻ രചിക്കയുണ്ടായി.

1913 ആശാന്45 വയസ്സുള്ളപ്പോളായിരുന്നു വിവാഹം. ഭാനുമതിയമ്മയാണ് ഭാര്യ. 1922–ൽ മദ്രാസിൽ വച്ച് വെയിൽസ് രാജകുമാരൻ ആശാന് പട്ടും വളയും സമ്മാനിച്ചു. 1924 ജനുവരി 16 –നു പല്ലനയാറ്റിൽ വച്ചുണ്ടായ ഒരു ബോട്ടപകടത്തിൽ മലയാളത്തിൻെറ സ്നേഹഗായകനായ കുമാരനാശാൻ ഇഹലോകവാസം വെടിഞ്ഞു.

*ആഷിഷ് രവികുമാർ*

# പൊൻസൂര്യൻ



അന്ധകാരത്തെ ഒതുക്കി ഉയർന്നുവന്ന്
കണ്ണിനും  വിണ്ണിനും പ്രകാശമേകി
കുരുവികൾ പാടി നിൻ വരവിനെ
വിളിച്ചോതുന്ന നേരത്തിൽ
ചെടികൾ പൂക്കൾ വിതറി
ഒരു ഉത്സവം കൂടി
പ്രകാശമായി നിൽക്കുമ്പോൾ
മനുഷ്യർ തന്നിലേക്ക് തിരിയുന്നു
ജീവൻെറ തുടിപ്പാണു നീ
നാടിൻെറ ഊർജം നീ
മഴയുടെ കാരണം നീ
ജീവൻെറ ഊർജം നീ
സന്ധ്യയാകുന്നേരം നിൻ
പൊൻസശോഭ മങ്ങിമങ്ങി
നിൻ  വെളിച്ചം
സന്ധ്യയാകുന്ന അന്ധകാരത്തിൽ
നിദ്രകൊള്ളുന്നു

*സാനി ടോമി*

# മൺമറഞ്ഞ നാട്

പണ്ട് കല്ലുകളം എന്നൊരു ഗ്രാമം ഈ ഭൂമിയിലുണ്ടായിരുന്നു. അറ്റലാൻറിസ് നഗരം പോലെ മൺമറന്നു പോയ ഒരു ഗ്രാമമാണിത്. വനനശീകരണവും നഗരവത്കരണവും അംബരചുംബികളായ കെട്ടിടങ്ങളുടെ നിർമ്മാണവും മൂലം നശിച്ചുപോയ ഗ്രാമങ്ങളിലൊന്ന് .

19–ാം നൂറ്റാണ്ടിലും അധികം നഗരവത്കരിക്കപ്പെടാത്ത ഒരു ഗ്രാമം. ഈ ഗ്രാമത്തിൻെറ നിലനിൽപ്പിനു കാരണം ആ ഗ്രാമത്തിലു ണ്ടായിരുന്ന ഒരു കാടായിരുന്നു. കുട്ടികൾ മുതൽ വൃദ്ധൻമാർ വരെ സ്നേഹിച്ചിരുന്ന ഒരു വനം.

പൂക്കൾ ഇടതിങ്ങി വളർന്നിരുന്ന പൂന്തോട്ടങ്ങളും മരങ്ങളും ചെടികളും തഴച്ചു വളർന്നിരുന്ന ആ കാടിനെപറ്റി അവിടുത്തെ നാട്ടുകാർ ഇങ്ങനെ പാടിയിരുന്നു.

"മലർകളും ചെടികളും
മരങ്ങളും കിളികളും
എല്ലാമൊത്തൊരു വനം
ഭംഗിയുള്ളൊരു വനം"

കുട്ടികൾ ആടിയും പാടിയും ചാടിയും മരങ്ങളിൽ തൂങ്ങിയും പഴങ്ങൾ പറിച്ചുതിന്നും ആ വനത്തിൽ ആർത്തുല്ലസിച്ച് നടക്കുന്നത് കാണാൻ എന്തു രസമാണെന്നോ. യുവാക്കളും മധ്യവയസ്കരും ഇരിക്കുകയും കിടക്കുകയും കാടിൻെറ ഭംഗി ആസ്വദിക്കുകയും പക്ഷികളുടെ കളകളാരവം ശ്രവിക്കുകയും ചെയ്യാൻ ഈ വനത്തിലെത്തിയിരുന്നു.

വൃദ്ധരും ആരോരുമില്ലാത്ത മുത്തച്ഛൻമാരും മുത്തശ്ശിമാരും ആ കാട്ടിൽ വന്നിരിക്കും ഒരു തെല്ല് സമാധാനം കണ്ടെത്തുവാൻ

ആ കാട് അവരെ സഹായിച്ചിരുന്നു.

ഒരു ഗ്രാമത്തിൽ ആർക്കെങ്കിലും രോഗം ബാധിച്ചാൽ ഓടുന്നത് ആശുപത്രിയിലേക്കല്ല. മറിച്ച് അവരുടെ കാട്ടിലേക്കാണ്. അവിടെ ഔഷധസസ്യങ്ങളുടെ കായും വേരും വിത്തുമെല്ലാം ശേഖരിച്ച് കൂട്ടിയിണക്കി മരുന്നുകളാക്കി രോഗങ്ങൾ ഭേദമാക്കുകയും ഒടുവിൽ ഇല്ലാതാക്കുകയുമായിരുന്നു അവർക്ക് ശീലം. അവർ ശ്വസിച്ചിരുന്നത് ശുദ്ധവായുവായിരുന്നു. ചെടികളും മരങ്ങളും പ്രകാശസംശ്ലേഷണത്തിലൂടെ ശുദ്ധമായ ഓക്സിജൻ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുമായിരുന്നു.

പക്ഷിമൃഗാദികളും സസ്യലതാദികളും നിറഞ്ഞു നിന്നിരുന്ന ആ കാട്. ഇന്ന് ഒരു വലിയ കമ്പനിയുടെ ആസ്ഥാന സ്ഥാപനത്തിന് ആവാസകേന്ദ്രമാണ്. മനുഷ്യൻ ആധുനീകവത്കര ണത്തിനിടയിൽ അവിടുത്തെ മരങ്ങളുടെ പൂക്കളും ചെടികളും നശിപ്പിക്കുകയും തണ്ണീർതടങ്ങൾ നികത്തുകയും ചെയ്തപ്പോൾ ഗ്രാമത്തിലെ ജനങ്ങൾക്ക് കണ്ടുനിൽക്കാനല്ലാതെ മറ്റൊന്നിനും സാധിച്ചില്ല. മലിനീകരണവും ശുദ്ധവായുവിന്റെയും ശുദ്ധജലത്തിന്റെയും ദൗർലഭ്യം ആ ഗ്രാമത്തിലെ മനുഷ്യരെ ക്രമേണ രോഗികളാക്കിമാറ്റി. പകുതിയിലധികം പേരും ഇഹലോകവാസം വെടിയേണ്ടിവന്നു. ബാക്കിയുള്ളവർ മറ്റു ഗ്രാമത്തിലേക്ക് കുടിയേറി.

ദിവസേന ആധുനികവത്ക്കരിക്കപ്പെടുന്ന മനുഷ്യ സമൂഹം ആധുനീകരണം വരുത്തുന്നതിനിടയിൽ പ്രകൃതിയെ നശിപ്പിക്കുന്നു എന്ന നഗ്നസത്യം ഉൾക്കൊണ്ട് പ്രകൃതിയെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു തലമുറയെ നമുക്ക് വാർത്തെടുക്കാം.

-- *ഭാമ മനോജ്*



## മലയാള ഭാഷതൻ

ഓരോ വ്യക്തിയും ഏതു വംശജനാണോ ആ വംശം സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷ. നമ്മൾ ഇന്ത്യക്കാരെ സംബന്ധിച്ച് നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങൾ തരംതിരിച്ചിരിക്കുന്നത് ഭാഷാ അടിസ്ഥാനത്തിലാണ്. നമ്മുടെ സംസ്ഥാനം കേരളമാണ്, നമ്മൾ കേരളീയരാണ് , മലയാളിക ളാണ്, നമ്മുടെ മാതൃഭാഷ ഇപ്രകാരം മലയാളവുമാണ്. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ മാലയാളികൾ സംസാരിക്കുന്ന ഭാഷ യാണ് മലയാളം എന്നു പറയുക വയ്യ! മലയാളത്തിൽ ideas express ചെയ്യാൻ എനിക്കൊട്ടും difficulty ഇല്ല എന്നു പറയുന്ന മാതൃഭാഷാസ്നേഹികളാണ് ഇന്നത്തേത്. ദ്രാവിഡ ഗോത്രത്തിൽ പ്പെട്ട , വളരെ ശാസ്ത്രീയമായ നിയമങ്ങളുള്ള , കൃത്യമായ ലിപിയും വ്യാകരണവുമുള്ള , ബൃഹത്തായ കുലീനമായ ഭാഷയാണ് മലയാളം.

## ഉൽഭവം

മലയാളത്തിൻെറ തനിമയെക്കുറിച്ച് പറയമ്പോഴും അതിന് സ്വതന്ത്രമായ ഒരു ഉത്പത്തി ഉണ്ടായിരുന്നുവെന്ന് പറയാൻ സാധിക്കുകയില്ല. മലയാള ഭാഷയുടെ ഉത്പത്തിയെകുറിച്ച് പ്രധാനമായും നാല് അഭിപ്രായങ്ങളാണുള്ളത്.

1. സംസ്കൃതത്തിൽ നിന്നു ജനിച്ചതാണ് മലയാളം.
2. മിശ്രഭാഷയാണ് മലയാളം.
3. തമിഴിൽ നിന്ന് ജനിച്ചതാണ് മലയാളം.
4. മൂലദ്രാവിഡ ഭാഷയുടെ ഒരു സ്വതന്ത്ര ശാഖയാണ് മലയാളം.

### സംസ്കൃതം

ആര്യഭാഷയായ സംസ്കൃതത്തിൽ നിന്നാണ് മലയാളമുണ്ടായതെന്നാണ് ഉത്ഭവത്തെ പറ്റിയുള്ള ഒരു സിദ്ധാന്തം. കേരള കൗമുദി എന്ന മലയാള വ്യാകരണ ഗ്രന്ഥത്തിൻെറ കർത്താവ് കോവുണ്ണി നെടുങ്ങാടിയാണ് , മലയാളം സംസ്കൃതത്തിൽ നിന്ന് ജനിച്ച ഭാഷയാണെന്ന വാദത്തിൻെറ ഉപജ്ഞാതാവ് . നിരവധി സംസ്കൃതപദങ്ങൾ മലയാളത്തിൽ ഉപയോഗിക്കുന്നത് ഇതിനു തെളിവായി ചൂണ്ടികാണിക്കപ്പെടുന്നു . എന്നാൽ മലയാളവും സംസ്കൃതവും രണ്ടു ഗോത്രത്തിൽപ്പെട്ട ഭാഷകളാണ് എന്നതു തന്നെ സംസ്കൃതജന്യ വാദത്തിൻെറ പിശകാണ് . സംസ്കൃതം ഇന്തോ – ആര്യ ഗോത്രത്തിലും മലയാളം ദ്രാവിഡ ഗോത്രത്തിലും പെട്ട ഭാഷയാണ്. സംസ്കൃതത്തിൽ സിംഹം – സിംഹീ എന്നു പറയുമ്പോൾ മലയാള ത്തിൽ ആൺസിഹം – പെൺസിംഹം എന്നിങ്ങനെ യാണ് ലിംഗ വ്യത്യാസം സൂചിപ്പിക്കുന്നത് .

### സങ്കരഭാഷ

തമിഴ്, സംസ്കൃതം, എന്നീഭാഷകളുടെ സങ്കരമാണ് മലയാളമെന്നും പറയുന്നു. കേരളഭാഷയുടെ വികാസ പരിണാമങ്ങൾ എന്ന

ഗ്രന്ഥത്തിൻെറ കർത്താവ് പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള യാണ് ഈ കൂട്ടത്തിൽ പ്രഥമൻ. ക്രിസ്തുവർഷം 825–ൽ ബ്രാഹ്മണർ കേരളത്തിൽ കുടിയേറി പാർത്തുവെന്നും കേരളത്തിലെ പ്രമുഖവിഭാഗമായി മാറിയ അവരുടെ പ്രയോഗരീതിയിലൂടെ സംസ്കൃതവും തമിഴും ചേർന്ന് മലയാളഭാഷ രൂപപ്പെടുക യായിരുന്നുവെന്നും ഈ വാദം സമർത്ഥിക്കുന്നു.

### തമിഴ് പേച്ചും മലയാളം

മലയാളത്തിന് തമിഴുമായുള്ള ബന്ധം മലയാളം തമിഴിൻെറ ഉപഭാഷയാണെന്ന വാദം പ്രബലമാക്കിയിട്ടുണ്ട്. പാശ്ചാത്യഭാഷാ ശാസ്ത്രജ്ഞരായ കാൾഡെൽ, എഫ് ഡബ്ല്യു എല്ലിസ് എന്നിവർ ഇത്തരത്തിൽ അഭിപ്രായപ്പെടുന്നവരാണ്.

ഇക്കാര്യം സമർത്ഥിക്കാൻ കാൾഡ്വെൽ ഉത്തമമായ ഒരു ഉദാഹരണവും ചൂണ്ടിക്കാണിക്കുന്നു. കിഴക്ക് എന്നഭാഗത്തിന് കീഴ്ഭാഗം– താഴ്ന്ന സ്ഥലം എന്നും മേൽക്ക് എന്ന പദത്തിന് ഉയർന്ന സ്ഥലം എന്നുമാണ് അർത്ഥം. തമിഴ്നാട് സംസ്ഥാനത്തിൻെറ കിഴക്ക് ഭാഗം താഴ്ന്നും പടിഞ്ഞാറു ഭാഗം ഉയർന്നും കിടക്കുന്ന തിനാൽ അവർ കിഴക്ക് മേൽക്ക് എന്നിങ്ങനെ ദിക്കുകൾ പറയുന്നു. കേരളത്തിൻെറ ഭൂപ്രകൃതിക്കനുസരിച്ച് കിഴക്ക് ഉയർന്ന പ്രദേശവും പടിഞ്ഞാറ്(മേൽക്ക്) താഴ്ന്ന പ്രദേശവുമായിട്ടും നമ്മൾ തമിഴ്നാട്ടു കാരെപ്പോലെ തന്നെ ദിക്കു പറയുന്നു. കേരളത്തിൽ പടിഞ്ഞാറിന് മേൽക്ക് എന്ന് ഇപ്പോഴും ഉപയോഗിക്കുന്നവരുണ്ട്.

### സ്വതന്ത്ര ഭാഷ

ഏ. ആർ രാജരാജവർമ്മ, എൽ. വി രാമസ്വാമി അയ്യർ തുടങ്ങിയ ഭാഷാപണ്ഡിതരും മലയാളം സ്വതന്ത്ര ഭാഷയാണെന്നുള്ള അഭിപ്രായമുള്ളവരാണ്. എന്നാൽ ഈ വാദവും പൂർണ്ണമായും ശരിയാണെന്ന് അംഗീകരിക്കപ്പെട്ടിട്ടില്ല. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഒരു സ്വതന്ത്രഭാഷയാണ് മലയാളം എന്ന വാദത്തിനാണ് ഇപ്പോൾ പ്രാമുഖ്യം.

### മറ്റുഭാഷകളുടെ സ്വാധീനം

മലയാളത്തെ ഏറ്റവും അധികമായി സ്വാധീനിച്ചിരിക്കുന്നത് തമിഴ്, സംസ്കൃത ഭാഷകളാണ്. എന്നാൽ കാലാന്തരത്തിൽ തുളു, പോർച്ചുഗീസ്, അറബി, സിറിയക്ക്, ഇംഗ്ലീഷ് ഭാഷകളിലെ ചിലപദങ്ങളും മലയാളത്തിൽ സാധാരണമായി.

### മലയാളമെന്ന പേർ കേട്ടാൽ

നമ്മുടെ മാതൃഭാഷയ്ക്ക് മലയാളമെന്ന പേർ വന്നതിനെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. മലയാളത്തിന് കൈരളി എന്ന പേരു വന്നത് കേരളീയർ സംസാരിക്കുന്ന ഭാഷ എന്ന നിലയിലാണെന്നു സമർത്ഥിക്കപ്പെടുന്നു.മലയ്ക്കും ആഴിക്കും മധ്യേ കിടക്കുന്നതിനാൽ മലയാഴം എന്ന പേരു വന്നെന്നും ഇത് പിന്നീട് മലയാളമായെന്നും ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. നാട് എന്നർത്ഥമുള്ള ആഴം എന്ന പദം മല എന്ന പദത്തോട് ചേർന്നാണ് മലയാളം ഉണ്ടായതും എന്ന് വാദമുണ്ട്. മലനാട്ടു തമിഴ്, മലയായ്മ, മലയാണ്മ, മലയാഴ്മ എന്നൊക്കെയാണ് ആദ്യകാല പേരുകൾ. മലയാം പാഴെ എന്നായിരുന്നുവെന്ന് ഹോർത്തുസ് മലബാറിക്കുസിൽ പറയുന്നു.

### ലിപി

ഇന്ത്യയിൽ നിലനിൽക്കുന്ന 724 ഭാഷകളിൽ 180 എണ്ണത്തിനേ ലിപിയുള്ളൂ. ആദ്യ കാലങ്ങളിൽ വട്ടെഴുത്ത് എന്ന ലിപി സമ്പ്രദായമാണ് മലയാളമെഴുതാൻ ഉപയോഗിച്ചിരുന്നത്. പിന്നീട് അത് പരിഷ്കരിച്ച് കോലെഴുത്ത് രൂപം കൊണ്ടു. പിൽക്കാലത്ത് സംസ്കൃതമടക്കമുള്ള മറ്റുഭാഷകളുടെ സ്വാധീനത്തിൽ പദസമ്പത്ത് വർദ്ധിച്ചപ്പോൾ ഗ്രന്ഥലിപി ഉപയോഗിച്ചു തുടങ്ങി. ഈ ഗ്രന്ഥലിപികളാണ് ഇന്നത്തെ മലയാളലിപിയായി രൂപം കൊണ്ടത്.

### അക്ഷരമാല

അക്ഷരമാലയെന്നാൽ ഭാഷയിലെ എല്ലാ അക്ഷരങ്ങളും ചേർന്ന കൂട്ടത്തിനാണ്. മലയാളത്തിൽ എത്രയക്ഷരങ്ങളുണ്ട്

എന്നത് ഇന്നും തർക്ക വിഷയമാണ്. 51 എന്നും54 എന്നും 56 എന്നും വാദങ്ങളുണ്ട്. സാധാരണ പ്രയോഗത്തിലുള്ള അക്ഷരങ്ങളെല്ലാം പരിശോധിച്ചാൽ 51 എന്ന പറയാം. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ചേർന്നതാണ് മലയാള ത്തിലെ അക്ഷരമാല.

**ഭാഷാഭേദങ്ങൾ**

കേരളത്തെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവരുടെ ജീവിത ശൈലിയും ഭാഷാപ്രയോഗങ്ങളിലും നിരവധി വ്യത്യാസങ്ങളുണ്ട്. മലയാളികളാണെങ്കിൽപ്പോലും പലപ്പോഴും സംസ്ഥാനത്തിന്റെ രണ്ടു ഭാഗങ്ങളിലുള്ളവർ തമ്മിൽ സംസാരിക്കുമ്പോൾ അവർക്ക് പരസ്പരം കേൾക്കുന്നത് മനസ്സിലാകാതെ വരുന്ന അവസ്ഥയുണ്ട്. തെക്കൻഭാഷ, മധ്യകേരളഭാഷ, വടക്കൻ ഭാഷ എന്നിങ്ങനെ കേരളീയരുടെ സംസാരശൈലി വ്യത്യാസപ്പെട്ടിരിക്കുന്നു. മലയാളഭാഷയ്ക്ക് പന്ത്രണ്ടോളം വകഭേദങ്ങളുണ്ടെന്ന് കരുതപ്പെടുന്നു.

-- *കൃഷ്ണപ്രിയ കെ എസ്*



## എങ്കിലും അമ്പിളിയമ്മാവാ

മന്നിതെളിയും താരജാലങ്ങൾക്കിടയിൽ
ഒറ്റയ്ക്ക് നിൽക്കും അമ്പിളിയമ്മാവാ
താഴെക്കു നോക്കുവാനല്ലാതെ
താഴെവരുവാൻ മോഹമില്ലേ ?
ഇരവിൽ ഭൂമിക്കു പ്രകാശം പകരുന്ന നീ
ചിലപ്പോൾ പിണങ്ങി പതുക്കെ
മറയുന്നു. എങ്കിലും പിറ്റേരാവിൽ തന്നെ
നിലാവെളിച്ചം പകരാൻ നീ വന്നീടും .
എത്ര കണ്ടാലും കൊതി തീരാതെ
ദൈവം മനോഹരമായ് നിന്നെ സൃഷ്ടിച്ചു .
എന്നെ നീ ഇന്നലെകാണുവാൻ വന്നില ,



## നുറുങ്ങു കവിതകൾ

### പൂവും വണ്ടും



ചെടിയിൽ നിറയെ പൂവുണ്ട്
പൂവിൽ നല്ലൊരു തേനുണ്ട്
വായോ വായോ വണ്ടേ നീ...
തേൻ കുടിക്കാൻ വരുമോ നീ...
പാട്ടും മൂളി വായോ...നീ...
മധുരമുള്ളൊരു തേൻ നൽകാം...!
നിറയെ നിറയെ തേൻ നൽകാം...!
കൂട്ടത്തോടെ വരുമോ നീ
മധുരമുള്ളൊരു തേൻ നുകരാൻ?

### മഴ



വരുന്നു വരുന്നു മഴ വരുന്നു
വേയിലേററു തളർന്നയെൻ
ഹൃദയത്തിൽ കുളിർമഴയായ്
പെയ്യുന്നതാണീ മഴ
നിൻ ദർശനം കാത്തതാ
പൂമുക വാതിൽ ഞാൻ തുറന്നീടുന്നു...
മരങ്ങളുടെ ഇടയിൽ നിന്നു
പാഞ്ഞുവരുന്നു
ഇടിമിന്നലുമായ പെരുമഴ
മഞ്ഞുതുള്ളിപോലെ വീണ നിന്നെ...
കണ്ടെൻ ഹൃദയം ആനന്ദിച്ചീടുന്നു...

ശരത് ഷിബു

# നല്ല ജീവിതത്തിലേക്ക് പഞ്ചശീലതത്വം

നല്ല ജീവിതമെന്നാൽ നല്ല മൂല്യമുള്ള ജീവിതം. അതിനു ശരീരത്തനു മാത്രമല്ല, മനസ്സിനും നല്ല ആരോഗ്യം വേണം. കാലുഷ്യമില്ലാത്ത ശാന്തമായ മനസ്സ്. പ്രസരിപ്പുള്ള മനസ്സ്. പോസിററീവായ മനസ്സ്. അതിലേക്ക് വഴികാട്ടാൻ അഞ്ചു ശീലങ്ങൾ മുന്നോട്ട് വയ്ക്കുന്നു. നിസാരമായ കാര്യങ്ങൾ, ഇന്നു മുതൽ തുടങ്ങുക. അതൊരു ശീലമാക്കുക.

## 1.കാര്യക്ഷമത

യാന്ത്രികമായ ഇന്നത്തെ ജീവിതത്തിൽ, കഴിക്കുന്നതെന്ത്, കാണുന്നതെന്ത്, പറയുന്നതെന്ത് എന്നു പോലും നമ്മളിൽ മിക്കവരും പലപ്പോഴും ശ്രദ്ധിക്കുന്നില്ല. എന്തൊക്കെയോ ചെയ്യുന്നു. എങ്ങനെയൊക്കയോ ജീവിക്കുന്നു. അതിനൊരു മാററം വരുത്തുക. എന്തു കാര്യവും–എത്ര നിസാരമായാലും involvement–ഓടെ ചെയ്യുക. കാര്യക്ഷമത കൈപ്പത്തിയിലെ തള്ളവിരൽ പോലെയാണ്. അതില്ലെങ്കിൽ മറ്റെല്ലാമുണ്ടായിട്ടും കാര്യമില്ല.

## 2.ലക്ഷ്യബോധം

എവിടേക്കെന്നറിയാതെ ഒരു തരം ഓട്ടത്തിലാണ് ഇന്നത്തെ യുവത്വം. ഒന്നു നിൽക്കുക. ലക്ഷ്യം എന്തെന്ന് ആലോചിച്ചുറപ്പിച്ച ശേഷമാകട്ടെ ഒരേ പ്രവൃത്തിയും. (ജീവിതത്തിൽ അല്പം ഫിലോസഫിയൊക്കെ നല്ലതാണ്) ലക്ഷ്യത്തിനനുസരിച്ച് വഴി ആസൂത്രണം ചെയ്യുക. ലക്ഷ്യബോധം ചൂണ്ടുവിരൽ പോലെയാണ്. അതാണു വഴികാട്ടി.

## 3.സഹകരണം

അതു നടുവിരൽ പോലെയാണ്. മറ്റുള്ളവരെ ഉറപ്പിച്ച് നിർത്താനും മറ്റുള്ളവരുടെ സഹായത്താൽ സ്വയം ഉറച്ചു

നിൽക്കാനും സാധിക്കുന്നു തെങ്ങനെ എന്ന് നടുവിരൽ കാണിച്ചുതരും. നമ്മുടെയെല്ലാം ജീവിതത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയൊരു വിപത്ത് ഓരോരുത്തരും അവരവരിലേക്ക് ചുരുങ്ങി ചുരുങ്ങി ഒരു ദ്വീപ് പോലെയാകുന്നു എന്നതാണ്. പരസ്പരം സ്നേഹിക്കുവാനും നമുക്ക് കഴിയണം. നല്ല സുഹൃത്തുകൾ നിങ്ങൾക്കില്ലെങ്കിൽ അതിനായി ശ്രമിക്കണം.

## 4.വ്യക്തിപരമായ കഴിവുകൾ

മോതിര വിരൽ പോലെ സ്വകാര്യം. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾക്ക് സ്വന്തമായുണ്ടായിരുന്ന നിങ്ങൾ ഉപേക്ഷിച്ചു കളഞ്ഞ കഴിവുകൾ എന്തൊക്കെയായിരുന്നു? സംഗീതം? നൃത്തം? ചിത്രരചന? സ്റ്റാമ്പ് ശേഖരണം? അതൊന്നും നിസ്സാരമായ കുട്ടിക്കളിയായിരുന്നില്ല. നിങ്ങളുടെ തികച്ചും വ്യക്തിപരം. സ്നേഹത്തിന്റെ മോതിരമണിയുന്ന ഈ വിമനസ്സായിരുന്നു. ആ താത്പര്യങ്ങളാണ് ഈ രൂപത്തിനുള്ളിലെ യഥാർത്ഥ നിങ്ങൾ. അവയിലേക്ക് പോകുന്നു.ആ കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ നാം നടത്തണം.

## 5.കൊച്ചു കൊച്ചു കാര്യങ്ങൾ

അതെ, ഈ കുഞ്ഞുവിരൽ പോലെ. തീരെ നിസ്സാരമായ ഒരു വാക്ക്, പ്രവൃത്തി അതു മറ്റുള്ളവരിലുണ്ടാക്കുന്ന ആനന്ദം അനുവദിക്കുക.അതേ പോലെ നിസ്സാരമെന്നു തോന്നുന്ന ഒരു വാക്കാലോ, പ്രവൃത്തിയാലോ ആരെയും മുറിപ്പെടുത്തുകയില്ല എന്ന് തീരുമാനിക്കുക. ചെറിയ സഹായങ്ങൾ, ചെറിയ സമ്മാനങ്ങൾ കൊച്ചു കൊച്ചു സന്തോഷങ്ങൾ ക്കായി സമയം നീക്കി വെക്കുക.നിങ്ങൾക്കും നിങ്ങളെ സ്നേഹിക്കുന്നവർക്കും.

--ഷാരോൺ എം ജി

# കടങ്കഥകൾ

എൻറമ്മ കൊല്ലത്തിൽ ഒരിക്കലേ മാറിയുടുക്കു .

ഉത്തരം : *ഓലപ്പുര മേയുന്നത്*

മൂന്നമ്മമാർ ഇരുന്ന് വെന്തുരുകുന്നു .

ഉത്തരം : *അടുപ്പ്*

നിലം കീറി പൊന്നെടുത്തു .

ഉത്തരം : *മഞ്ഞൾ*

മുതുകത്തു മുള്ളൻ ചന്തയ്ക്കുപോയി .

ഉത്തരം : *പാവയ്ക്ക*

ഒരു മുറം മലരിൽ ഒറ്റ തേങ്ങാപ്പൂള് .

*ഉത്തരം : നക്ഷത്രങ്ങൾക്കിടയിൽ*

*ചന്ദ്രൻ* അന്തിയാവോളം അകത്തോ
പുറത്തോ,അന്തിയായാൽപുറത്ത്

*ഉത്തരം* വാതിൽപ്പടി

ആയിരം തച്ചൻമാർ ഞെരങ്ങീപണിത മണപ്പുര

*ഉത്തരം* ചിതൽപുററ്

ഇലയില്ല പൂവില്ല കായില്ല കരിവള്ളി–

*ഉത്തരം* തലമുടി

ഈച്ച തൊടാത്തൊരിറച്ചി കഷ്ണം

*ഉത്തരം* തീക്കട്ട

*ഉച്ചിക്കുടുമ്മൻ ചന്തയ്ക്ക് പോയി*

*ഉത്തരം കൈതച്ചക്ക*

-- മഞ്ജുനാഥ് ടി. എസ്

# എൻെറ പുഴ

പണ്ടെന്നരികിലായ്  ഒരു  പുഴയുണ്ടായിരന്നു
എന്നെ  തഴുകി  കുളിരണിയിക്കുന്നോൻെറ പുഴ
അന്നെൻെറ  കണ്ണീരിനെ അതേറ്റു  വാങ്ങിയിരുന്നു
അന്നെൻെറ  സന്തോഷത്തിൽ അലതല്ലിയിരുന്നു
അന്നെൻെറ  സ്വപ്നങ്ങൾക്ക്  അത്
ചിറകു  നൽകിയിരുന്നു
കാലം കടന്നേ  പോയി,
എൻെറ പുഴ തളർന്നേ  പോയി
പിന്നീട് ഞാനതിനെ ഓർത്തത്  ഇപ്പോഴാണ്
ഇന്നെൻെറ പുഴയ്ക്ക  തഴുകുന്ന കുളിരായിരുന്നില്ല
മലിനമാക്കപ്പെട്ടത്തിൻെറ
സഞ്ചാര പഥങ്ങൾ  നഷ്ടപ്പെട്ടതിൻെറ
സർവ്വം നശിപ്പിക്കപ്പെട്ട  വേദനയുടെ
പ്രതികാരമായിരുന്നു എൻെറ  പുഴയ്ക്ക്

--ആദിത്യ സുരേഷ്



# സാങ്കേതികവിദ്യയും സാഹിത്യവും

ഭാഷ സമൂഹത്തിന്റെ സ്വാന്ത്രമായി വികസിച്ചുവന്നതാണ് . ഭാഷയ്ക്ക് മാറ്റം സ്വാഭാവികമായും സ്വതന്ത്രമായും ഉണ്ടാകുന്നു . ലാവണ്യപരവും രാഷ്ട്രീയപരവുമായ ആശയങ്ങളും പ്രസ്ഥാനങ്ങളും തമ്മിൽ ഏറ്റുമുട്ടുകയും പിറവികൊള്ളുകയും ചെയ്യുന്ന വറചട്ടിയാണ് എന്നും മലയാള സാഹിത്യരംഗം .മലയാളഭാഷയുടെ വികാസത്തിനും വളർച്ചയ്ക്കും സാങ്കേതികവിദ്യ വളരെയധികം സഹായിച്ചിട്ടുണ്ട്. അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവെ സാങ്കേതിക വിദ്യ എന്നു പറയുന്നത് .വളരെ വിശാലമായ അർത്ഥതലത്തിൽ ഉപയോഗിക്കപ്പെടുന്ന പദമാണന്നതിനാൽ കൃത്യമായ നിർവ്വചനങ്ങൾ സാങ്കേതിക വിദ്യയ്ക്കില്ല.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസപരിണാമ ഘട്ടങ്ങളിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ് .1890–ൽ അച്ചടിയിലേക്കും 1895–ൽ റേഡിയോയിലേക്കും 1927–ൽ ടി.വിയിലേക്കും അത് എത്തിനിൽക്കുന്നു. ടി.വിയിൽ തുടങ്ങി ബ്ലോഗുപോലുള്ള നവമാധ്യമങ്ങളിൽ എത്തിനിൽക്കുന്നു.ഇന്ന് ആ കർത്തവ്യം ഏറ്റെടുത്തിരിക്കുന്നത് സൈബർ മാധ്യമങ്ങളാണ്. സാങ്കേതികവിദ്യ അധിനിവേശം നടത്തിയ ഈ രണ്ടു ദശാബ്ദക്കാലം അക്ഷരവും വായനയും മരിക്കുമെന്ന് ഭാഷപ്രേമികൾ ഭയന്നിരുന്നു. എന്നാൽ അക്ഷരവും വായനയും മരിച്ചിട്ടില്ല എന്നു മാത്രമല്ല, പൂർവ്വാധികം ശക്തിയോടെ മുന്നോട്ട് പോകുകയും ചെയ്തു.

സൈബർ മാധ്യമങ്ങളിലേക്ക് യുവ എഴുത്തുകാരുടേ

രംഗപ്രവേശം – സൈബർമാധ്യമങ്ങളിലേക്ക് എഴുത്തുകാരെ ആകർഷിക്കുന്നതിനുള്ള പ്രധാന കാരണം , സർവാധിപതിയായ പത്രാധിപരുടെ അധികാരമില്ലാതെ, ഇൻററർനെറ്റിൻെറ സ്വതന്ത്രറിപ്പബ്ലിക്കിൽ ആർക്കും എഴുത്തുകാരനും എഴുത്തുകാരിയും ആകാൻ കഴിയുമെന്നതാണ്. സൈബർ ഇടങ്ങൾ ഒരു വ്യക്തിയെ ഒരേ സമയം എഴുത്തുകാരനും പ്രസാധകനും ആക്കുന്നു. ജാതീയമായ വാക്കുകളുടെ പ്രയോഗം വളരെ കുറവാണെന്നുള്ളതും ആർക്കും എപ്പോൾ വേണമെങ്കിലും രചന നടത്താമെന്നുള്ളതും സൈബർ ഇടങ്ങളെ യുവാക്കൾക്കിടയിൽ കൂടുതൽ പ്രിയങ്കരമാക്കിതീർത്തു.

സാങ്കേതിക അജ്ഞത മൂലം ഒരു പറ്റം ആളുകൾ സാങ്കേതിക വിദ്യയിൽ നിന്ന് അകലം പാലിക്കുന്നുണ്ട്. കേരളത്തിലെ ഒരു വിഭാഗം ആളുകൾക്ക് ഇന്നും സാങ്കേതിക വിദ്യാഭ്യാസം സിദ്ധി ച്ചിട്ടില്ല എന്നത് ഒരു പരിമിതി തന്നെയാണ്. മലയാളത്തിലേതുപോലെ ബൃഹത്തരമായും ചിഹ്നങ്ങളുമടങ്ങുന്ന ഒരു ഭാഷ കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കുക എന്നുള്ളത് ദുഷ്കരമായ ഒരു പ്രവൃത്തിയാണ്. ഒരു പരിധിവരെ മലയാളഭാഷയും സാങ്കേതികവിദ്യയും ചങ്ങാത്തം കൂടുന്നതിന് ഇത് ഒരു തടസ്സമായി നിന്നിട്ടുണ്ട്. എന്നാൽ ഇത്തരം വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് ബ്ലോഗ്, ടിറ്റർ, ഫേസ് ബുക്ക്, വിക്കിപീഡിയ എന്നീ സൈബർ ഇടങ്ങളിൽ മലയാളഭാഷ അതിൻെറ സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞു.

ഒരു സ്വതന്ത്ര വിജ്ഞാനകോശമാണ് വിക്കിപീഡിയ. ഈ ആശയം മുന്നോട്ടു വച്ചത് സോഫ്റ്റ് വെയർ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായ റിച്ചാർഡ് സ്റ്റോൾമാനാണ്. വിക്കി നിഘണ്ടു വഴി ഭാഷയിലെ നൂതനപദങ്ങളും അവയുടെ അർത്ഥങ്ങളും

മനസ്സിലാ ക്കുന്നതിന് സഹായിക്കുന്നു. വിക്കി ഗ്രന്ഥശാല വഴി നമുക്കിഷ്ടമുള്ള കൃതികൾ ഏതു സമയത്തും നമുക്ക് ലഭ്യമാകും. വലിയ വിലകൊടുത്ത് പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വിക്കി ഗന്ഥശാല നമ്മെ സഹായിക്കുന്നു. ബ്ലോഗുകൾ ആർക്കും എളുപ്പത്തിൽ നിർമ്മിക്കാൻ കഴിയുന്നവയാണ്. ബ്ലോഗുകളുടെ സ്വാധീനം സമസ്ത മേഖലകളിലും പ്രകടമാണ്. ഒരു തുറന്ന ചർച്ചയ്ക്കുള്ള വേദി സൃഷ്ടിക്കാൻ ബ്ലോഗുകൾക്ക് കഴിയും. ചുരുങ്ങിയ വാക്കുകളിലൂടെ ഗഹനമായ ആശയങ്ങൾ അവതരിപ്പിക്കാൻ കഴിയും എന്നതും ലളിതമായ ഭാഷയിൽ രചന നടത്താൻ കഴിയും എന്നതും ബ്ലോഗുകളുടെ സവിശേഷതയാണ്. ശ്രീ. സൂരജ് നെല്ലിപ്പറമ്പി ലിൻെറ "ഇവിടെ തുടങ്ങുകയാണ്" എന്ന കവിത ഇതിനുദാഹരണമാണ്.

സൗഹൃദക്കൂട്ടായ്മയായ ഫേസ് ബുക്കും മലയാളസാഹിത്യത്തിൻെറ വളർച്ചയിൽ വളരെയധികം സഹായിക്കുന്നുണ്ട്. മിനി കഥകളും കവിതകളും ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്യാറുണ്ട്. ഇങ്ങനെ പോസ്റ്റ് ചെയ്യുന്ന സർഗ്ഗാത്മക രചനകൾക്ക് വായനക്കാരേറെയാണ്.

ഇന്ന് ഈ വിവരവിനിമയ വിപ്ലവ കാലഘട്ടത്തിൽ സാങ്കേതികവിദ്യ, നമ്മുടെ പരമ്പരാഗത ക്ലാസ് മുറികളെയും വിദ്യാഭ്യാസ സമ്പ്രദായങ്ങളെയും അടിമുടി മാറ്റിമറിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനനു സരിച്ച് അധ്യാപകരും കുട്ടികളും മാറുന്നു. ഇതിൻെറ ഫലമായി കുട്ടികളുടെ സർഗ്ഗാത്മകരചനകൾ വിക്ടേഴ്സ് ചാനൽ, സ്കൂൾ വിക്കി, ബ്ലോഗ് തുടങ്ങിയവയിലൂടെ പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്നു.

സാങ്കേതികവിദ്യയും സാഹിത്യവും പരസ്പരം ഇഴപിരിഞ്ഞു കിടക്കുന്നവയാണ്. കാഴ്ച അധിനിവേശം നടക്കുന്ന ഈ കാലഘട്ടത്തിൽ എഴുത്തും വായനയും മരിക്കുന്നു എന്ന്

ഭയക്കുന്നവരേറെയാണ്. ഇത്തരം ചിന്തകൾ അസ്ഥാനത്താണ്. മലയാളത്തിൽ അക്ഷരമോ വായനയോ മരിക്കുന്നില്ല എന്നു മാത്രമല്ല, കഥയിലും കവിതയിലും നോവലിലുമെല്ലാം നിറഞ്ഞ കൊയ്ത്താണ് നടക്കുന്നത് . ഇൻറർനെറ്റിൻെറ സ്വതന്ത്ര ലോകത്ത് ബ്ലോഗുകളും ഓൺലൈൻ സൈറ്റുകളും വാമൊഴിക്കും വരമൊഴിക്കും പകർന്നത് പുതിയ ഊർജ്ജം തന്നെയാണ്.

*വിനായക് കെ. പി*



കഥ

# ഉപമ

ചായക്കപ്പിന്റെ മിനുത്തവക്കിൽ കൈകളുരസി രേഖ തന്റെ വിരസത പൂണ്ട ഒരു ദിവസത്തേക്ക് നിസംഗതയോടെ കടക്കുകയാണ്. അടുക്കളയിലെ നിറം മങ്ങിയ ലോകത്ത് കലമ്പുന്ന സ്ററീൽ പാത്രങ്ങ ളിലേക്ക് നോക്കുമ്പോൾ അറിയാതെ ഭ്രാന്തു പിടിച്ചു പോകുന്നു. കലമ്പിയ ശബ്ദത്തോടെ അത് താഴത്തെങ്ങാനും വീണാൽ അതു മതിയാവും മുരളുന്ന ശകാരങ്ങൾ കേൾക്കാൻ.പ്രായത്തിന്റെ അവശത പോലും തളർത്താത്ത കേൾവിയുടെ നേർത്ത സ്വരത്തിലെ കമ്പനത്തിൽ അമ്മായിയമ്മ മുഖ മൊന്നു ആദ്യം വീർപ്പിക്കും. എന്തുകൊണ്ടോ കുമ്പളങ്ങയുടെ ഒരു ഉപമ യാണ് ആദ്യം ഓർമ്മിച്ചു പോകുന്നത്.വരണ്ട കുമ്പളങ്ങയുടെ ആറിയ തൊലിയിൽ തൊടുമ്പോഴേ ഒരസ്വസ്ഥത തന്നെ പൊതിഞ്ഞു പോവുന്നതു പോലെ തന്നെ ആണ് അമ്മയെ സമയം കാണുമ്പോൾ തോന്നുക. പിന്നെ കനത്ത വാക്കിന്റെ ചീർത്ത കഷണങ്ങളുടെ പാത്രങ്ങൾ കലമ്പുന്നതുപോലെ പറഞ്ഞുകൊണ്ടിരിക്കും. വരാന്തയിൽ അച്ഛൻ അതു കേട്ടാൽ ലക്ഷ്മി എന്താവിടെ...എന്ന് വിളിച്ചു ചോദിക്കും. രണ്ടും കൂടി തരുന്ന പതിവ് തലവേദനയിൽ രേഖ തമാശയായി ഓർത്തത് സ്ററീൽ പാത്ര ങ്ങൾ എന്തുകൊണ്ട് തന്റെ വിരലുകളിൽ നിന്നും എപ്പോഴും വഴുതി പ്പോകുന്നത് എന്നതായിരുന്നു.

രാവിലെ തന്നെ വിറ തരുന്ന തണുപ്പാണ്. മഫ്ളർ പുതച്ച് ചാക്കുപോലെ അടുക്കള കാണുന്ന അമ്മയ്ക്ക് കുറച്ചു സമയം കൂടി കിടന്നാ ലെന്താ എന്ന് അവൾക്ക് തീച്ചയായും തോന്നിപ്പോയി.

ആഷ് മോൾ മാത്യു

## തെരഞ്ഞെടുക്കപ്പെട്ട മനു

സൂര്യൻ അപ്പോഴേക്കും ഉദിച്ചിരുന്നു. സൂര്യരശ്മികൾ ജനലഴികളിൽ തട്ടി മനുവിൻെറ മുഖത്തേക്ക് പ്രതിഫലിച്ചു. അവൻ പുതപ്പ് മാററി കട്ടിലിൽ മുട്ടു കുത്തിനിന്ന് കുരിശു വരച്ചു. മേശപ്പുറത്തിരുന്ന അവൻെറ കൊച്ചു ബൈബിൾ തുറന്നുവായിച്ചു. വി.മത്തായിയുടെ സുവിശേഷം 22–ാം അധ്യായം,14–ാം വാക്യം, "വിളിക്കപ്പെട്ടവരോ വളരെ തെരഞ്ഞെടുക്ക പ്പെട്ടവരോ ചുരുക്കം." അവൻ ആലോചിച്ചു. പിഞ്ചുമനസ്സിൽ ആ വാക്യം കുറിച്ചിട്ടു. പതിവുപോലെ മനു സ്കൂൾ ബസ്സിൽ കയറി സ്കൂളിലേക്ക് യാത്രയായി .സി.സെ്ററഫിയായിരുന്നു അവൻെറ ക്ലാസ്സ് ചാർജ്ജിലുള്ള അധ്യാപിക. സിസ്ററർ ക്ലാസ്സിൽ വന്നപ്പോൾ ഒരു സന്തോഷവാർത്ത അറിയിച്ചു. "കുഞ്ഞുങ്ങളെ നമ്മുടെ സ്കൂളിന് ഒരപൂർവ്വ ഭാഗ്യം കൈ വന്നിരിക്കുന്നു. രൂപതാമെത്രാൻ നമ്മുടെ സ്കൂൾ സന്ദർശനത്തിനു വരുന്നു. നാളെ രാവിലത്തെ അസംബ്ലി അദ്ദേഹത്തിൻെറ അധ്യക്ഷതയിലാ യിരിക്കും. അതോടൊപ്പം അസംബ്ലിയിൽ ബഹുമാന്യനായ മെത്രാനെ സ്വാഗതം ചെയ്യുന്നത് നമ്മുടെ പ്രിയപ്പെട്ട മനുവാണ്."കുട്ടികളെല്ലാം കൈയ്യടിച്ചു. മനുവിനൊന്നും മനസ്സിലായില്ല. ടീച്ചർ എന്തിന് എന്നെ തിരഞ്ഞെടുത്തു. ക്ലാസ്സിൽ തന്നെക്കാൾ നന്നായി പ്രസംഗിക്കുന്ന എത്ര കുട്ടികളുണ്ട്. സിസ്ററിന് മനു എന്താണ് ആലോചിക്കുന്നതെന്ന് മനസ്സിലായി.

പിറ്റേന്ന് രാവിലെ അസംബ്ലി തുടങ്ങി. ഈശ്വര

പ്രാർത്ഥന കഴിഞ്ഞു. മനു അതിമനോഹരമായ ഒരു സ്വാഗത പ്രസംഗം കാഴ്ച്ചവച്ചു. ശേഷം സി.സ്ററഫി കുട്ടികളോടായി പറഞ്ഞു. "ഈ സ്കൂളിൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. പക്ഷേ മെത്രാനെ സ്വാഗതം ചെയ്തു സംസാരിക്കാനുള്ള അവസരം ലഭിച്ചത് അഞ്ചാം ക്ലാസ്സുകാരൻ മനുവിനാണ്. കാരണമെന്തായിരിക്കും? നിങ്ങൾക്കറിയണ്ടേ? കഴിഞ്ഞ വെള്ളിയാഴ്ച്ച നമ്മുടെ നോട്ടീസ് ബോർഡിൽ ഈശോയുടെ കുറച്ചു രൂപങ്ങൾ ഉണ്ടായിരുന്നു. കാറ്റടിച്ചപ്പോൾ അത് താഴേ വീണു. ഇൻററവെൽ സമയമായിരുന്നു. ഒരു പാട് കുട്ടികൾ അതിലെ കടന്നു പോവുകയും, ചിലർ കയറി ചവിട്ടുകയും ചെയ്തു. അപ്പോഴാണ് മനു അതിലെ കടന്നു വരുകയും, കാണുകയും ചെയ്തത്. അപ്പോൾ തന്നെ അവനതെല്ലാം പെറുക്കിയെടുത്ത് ചിട്ടയായി ബോർഡിൽ ഒട്ടിച്ചു വച്ചു." കുട്ടികളെല്ലാം കൈയ്യടിച്ചു."ഞാൻ സ്ററാഫ്റൂമിൽ ഇരുന്ന് എല്ലാം കാണുന്നുണ്ടായിരുന്നു. ഈ ഭാഗ്യം നിങ്ങൾക്കെല്ലാം ലഭിച്ചേനെ. പക്ഷേ നിങ്ങൾ അത് തട്ടിതെറിപ്പിച്ചു." സിസ്ററർ പറഞ്ഞു തീർന്നപ്പോൾ മെത്രാൻ മൈക്കിൽ കൂടി മനുവിനോട് സ്റേറജിലോട്ടു കയറി ചെല്ലാൻ അഭ്യർഥിച്ചു. പോക്കറ്റിൽ നിന്നും ഒരു കൊച്ചു ജപമാല എടുത്തു അവനെ അണിയിച്ചു. അവൻെറ മുഖം സൂര്യൻെറതുപോലെ ശോഭിച്ചു.....

*സേതുലക്ഷ്മി ബിജു*

ഗാന്ധിജിയെക്കുറിച്ച് ഒരു ലേഖനം

# ഗാന്ധിജി



1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തറിൽ ജനനം. കരംചന്ദ് ഗാന്ധിയുടെയും, പുത്ലിഭായിയുടെയും മകനായിരുന്നു മോഹൻ ദാസ് കരംചന്ദ്ഗാന്ധി. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൻെറ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മ. അച്ഛൻ എന്നർത്ഥം വരുന്ന ബാപ്പു എന്നി നാമ വിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങൾ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാ

ക്കി മാറ്റുന്നതിനും മഹാത്മ ഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവതത്ത്വശാസ്ത്രങ്ങളുടെ പ്രയോക്താവായിരുന്നു.

എല്ലാവിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്ക് മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു. സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവ നിരാഹാരം ആത്മശുദ്ധീകരണത്തിൽ പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി. ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോളതലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു. മാർട്ടിൻ ലൂഥർ കിംഗ്, സ്ററീവ് ബികോ, നേൽസൺ മണ്ടേല, ഓങ് സാൻ സൂചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽ പെടുന്നു. ഭാരതീയർ മഹാത്മഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു. അദ്ദേഹ ത്തിൻെറ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശിയ അവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേദിവസം അന്താരാഷ്ട്ര അഹിംസാദിനമായും (2007 മുതൽ) പ്രഖ്യാപിച്ചിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകമായിരുന്നു ഗാന്ധിജിയുടെ മരണത്തിനു കാരണം. 1948 ജനുവരി 30-ന് ഗാന്ധിജി നമ്മേ വിട്ടു പോയി.

*ഡെൻസൺ ലോറൻസ്*



## കടങ്കഥകൾ

1. കാലൊന്നേയുള്ളു യാത്രയേറെ നടത്തും – കുട
2. ഊതിയാലും മഴയത്തും അണയാത്ത എണ്ണ കൂടാതെ കത്തുന്ന പൊൻവിളക്ക്– ഇലക്ട്രിക് ബൾബ്
3. എന്റെ അമ്മയ്ക്ക് തോളോളം വള– കവുങ്ങ്
4. ഒരമ്മയുടെ മക്കളെല്ലാം വിറച്ച് വിറച്ച് – അരയാലില
5. ഓടിയോടി നടക്കും തീപ്പന്തം– മിന്നാമിനുങ്ങ്
6. അകം എല്ലും തോലും പുറം പൊന്തം പൊന്തം– വൈക്കോൽത്തുറു
7. അകത്തിരിപ്പോനേ പുറത്തുക്കാക്കും കണ്ണാടി–മുഖം
8. അകത്തേക്കുപോകുമ്പോൾ പച്ച പുറത്തേക്കു വരുമ്പോൾ ചുമപ്പ്– വെറ്റിലമുറുക്ക്
9. അകത്ത് നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും– ക്യാമറ
10. അകത്തു രോമം പുറത്തിറച്ചി– മൂക്ക്
11. അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു– കുരുമുളക്
12. അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില– പപ്പടം
13. അക്കരെ നിൽക്കും കൊക്കമ്പി ഇക്കരെ നിൽക്കും കൊക്കമ്പി കടലിൽ ചാടും കൊക്കമ്പി – സൂര്യൻ
14. കാലുകൊണ്ടു വെള്ളം കുടിച്ച് തലകൊണ്ട് മുട്ടയിടും– തെങ്ങ്
15. കറുത്തകണ്ടത്തിൽ വെളുത്ത കൊക്ക്– ആകാശത്തിലെ നക്ഷത്രം

*ഷേക്ക് മുസ്കാൻ*


THANK YOU